**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85** **09-06-2021 - ൽ മറുപടിയ്ക്ക്**

**ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ സി കെ ഹരീന്ദ്രൻ | | Shri. A. K. Saseendran<br>(വനം, വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനമേഖലയോടു ചേർന്നുകിടക്കുന്ന ജനവാസ കേന്ദ്രങ്ങളിൽ ആന, കാട്ടുപന്നി, കുരങ്ങ് തുടങ്ങിയ വന്യമൃഗങ്ങൾ വ്യാപകമായി കൃഷി നശിപ്പിക്കുന്നതും ജനത്തിന് ജീവഹാനിയും ഗുരുതര പരിക്കുകളും ഉണ്ടാക്കുന്നതും സംബന്ധിച്ച് വിവിധ മേഖലകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള പരാതികളും നിർദ്ദേശങ്ങളും യഥാസമയം പരിഗണിച്ച് കർഷകരെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് കിടക്കുന്ന ജനവാസകേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ കടന്നുകയറി കൃഷിക്കും, ജീവനും ഭീഷണി ഉണ്ടാകുന്നത് തടയുന്നതിനായി വന്യമൃഗശല്യം കൂടുതലുള്ള സ്ഥലങ്ങളിൽ സൗരോർ ജജവേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവ നിർമ്മിച്ചിട്ടുള്ളതും വർഷാവർഷം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ശല്യക്കാരായ ആനകളെ നിയന്ത്രിക്കുന്നതിനായി പരിശീലനം ലഭിച്ച കുങ്കി ആനകളെ ഉപയോഗിച്ച് വരുന്നു. ഇത്തരം മൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം പ്രവർത്തിച്ച് വരുന്നുണ്ട്. ഇതിന് പുറമെ വനാതിർത്തികളിൽ ജന ജാഗ്രതാസമിതികൾ രൂപീകരിച്ച് തദ്ദേശവാസികളുടെ സഹകരണത്തോടെ പ്രതിരോധ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. ശല്യക്കാരായ കാട്ടുപന്നികളെ ഉപാധികളോടെ വെടിവെച്ച് കൊല്ലുന്നതിന് നടപടി സ്വികരിച്ചിട്ടുണ്ട്. ഇതിന് പുറമെ വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ.(കൈ) നം. 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. ജീവഹാനി, പരിക്ക്. നസ്വത്ത്നധാശം. അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 05.04.2018-ലെ സ.ഉ.(കൈ) നം. 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരവും വനം വകുപ്പ് നൽകി വരുന്നുണ്ട്. |
| (ബി) | വന്യമൃഗ ശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ ഫലപ്രദമായ രീതിയിൽ പ്രതിരോധ മാർഗ്ഗങ്ങൾ ഏർപ്പെടുത്തി ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം | (ബി) | മനുഷ്യന്റെ വനത്തിന്മേലുള്ള അധിനിവേശത്തിന്റേയും ചൂഷണത്തിന്റേയും ഫലമായി കാട്ടുമൃഗങ്ങൾ നാടിലിറങ്ങുന്നത് നിത്യസംഭവമായിരിക്കുകയാണ്. |

| | | | |
|---|---|---|---|
| | കാണുന്നതിലേയ്ക്കായി എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കുമോ? | | ഇതിനെ പ്രതിരോധിക്കുന്നതിനായി വനം വകുപ്പ് കാലാകാല ങ്ങളായി വിവിധ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവി കളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/ താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ, കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുനനുണ്ട്. ഫോറസ്റ്റ് സെറ്റിൽമെമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പ്രതിരോധ മാർഗ്ഗങ്ങളുടെ ഭാഗമായി വനാതിർത്തികളിൽ സൌരോർജ്ജ വേലികളും, ആന പ്രിതിരോധ മതിലുകളും, കിടങ്ങുകളും, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവയും ആവശ്യാനുസരണം നിർമ്മിച്ചുവരുകയും, ഇവയുടെ കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് യഥാസമയം ചെയ്ത് വരുന്നമുണ്ട്. വന്യമൃഗങ്ങൾക്ക് വനത്തിനകത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിക്കുകയും അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. വന മേഖലയോട് ചേർന്ന ഡിവിഷന്റെ പരിധികളിൽ നിലവിൽ ജനജാഗ്രതാസമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും ഇറങ്ങി നാശം വരുത്തുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18.05.2020-ലെ സ.ഉ(സാധാ)നം. 111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ജനജാഗ്രതാ സമിതികളുമായി ചർച്ച ചെയ്ത് ലൈസൻസുള്ള തോക്ക് കൈവശമുള്ളവരുടെ പാനൽ തയ്യാറാക്കി ശല്യക്കാരായ കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നുണ്ട്. നാളിതുവരെയായി വിവിധ സർക്കിളുകളുടെ അധികാര പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ നിന്നും ശല്യക്കാരായ 123 കാട്ടുപന്നികളെ വെടിവെച്ച് കൊന്നിട്ടുണ്ട്. ഈ ഉത്തരവിന്റെ കാലാവധി 29 05.2021 തീയതിയിലെ സ.ഉ.(സാധാ) നം. 159/2021/വനം ഉത്തരവ് പ്രകാരം 17.05.ക022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള |

| | | | |
|---|---|---|---|
| | | | കാർഷിക വിളകൾ കൃഷിചെയ്യുന്നതിൽ നിന്നും കർഷകരെ പിൻതിരിപ്പിക്കുന്നതിനുള്ള നടപടികളും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ